(5) ആര്യനാട് മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം

ശ്രീ. ജി. കാർത്തികേയൻ: സർ, എന്റെ നിയോജകമണ്ഡലമായ ആര്യനാട് പ്രദേശത്ത് പി.ഡബ്ല്യു.ഡി. യുടെ നേതൃത്വത്തിൽ നടക്കുന്ന റോഡുകളുടെയും പാലങ്ങളുടെയും പണികളെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിതന്നെ നിരവധി തവണ ഇതുസംബന്ധിച്ച് അവലോകനയോഗം വിളിച്ചുകൂട്ടിയിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് സമയബന്ധിതമായി ആ പ്രദേശത്തെ റോഡുകളുടെയും പാലങ്ങളുടെയും പണികൾ പൂർത്തീകരിക്കണമെന്ന് അദ്ദേഹം നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ വ്യക്തിപരമായ ഇടപെടലിനെയും നിർദ്ദേശത്തെയും പറ്റി അവിടത്തെ എം.എൽ.എ. എന്ന നിലയിൽ എനിക്ക് നന്നിയുണ്ട്. പക്ഷേ, നിർഭാഗ്യമെന്നു പറയട്ടേ, അവിടെ ഇതുവരെയും സഞ്ചാരയോഗ്യമായിട്ടില്ല. ടെണ്ടർ ചെയ്ത് ആരംഭിച്ച പണികൾ മന്ദഗതിയിലാണ്. പലതിന്റെയും പണികൾ ആരംഭിച്ചിട്ടുമില്ല. കഴിഞ്ഞ കുറെ വർഷങ്ങളായി ശ്രമിച്ചുകൊണ്ടിരിക്കുന്ന കീഴാറൂർ, പരുത്തിക്കുഴി, പെരുകാവ് തുടങ്ങിയ 3 പാലങ്ങളുടെയും പ്രവർത്തനങ്ങൾ മന്ദഗതിയിലാണ്. എന്റെ മണ്ഡലത്തിൽ മുടങ്ങിക്കിടക്കുന്ന പണി ആരംഭിക്കാനും റോഡുകളുടെ പണി സമയബന്ധിതമായി പൂർത്തിയാക്കാനും ഡിപ്പാർട്ട്മെന്റിന്റെ അടിയന്തിര നടപടിയുണ്ടാകണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, ജൂലൈ മാസത്തിൽ ഉണ്ടായ മഴയെത്തുടർന്ന് ആര്യനാട് മണ്ഡലത്തിലെ മിക്ക റോഡുകളുടെയും ഉപരിതലത്തിൽ കുഴികൾ വീണ് അറ്റകുറ്റപ്പണികൾ നടത്തേണ്ടതായി വന്നിരിക്കുകയാണ്. ഗതാഗതയോഗ്യമല്ലാത്ത അത്തരം റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തി സഞ്ചാരയോഗ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയിനത്തിൽപ്പെട്ട ആര്യനാട്-പാലോട് റോഡിന്റെ പണികൾ വളരെ മന്ദഗതിയിൽ നടന്നതിനാൽ പ്രസ്തുത കരാർ റദ്ദാക്കി പണികൾ റീ-അറേഞ്ച് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. നെടുമങ്ങാട്-ഷെർലക്കോട് റോഡിൽ പദ്ധതിയിനത്തിൽപ്പെടുത്തി ചെയ്യുന്ന ബി.എം. ആന്റ് എ.സി. പണികൾ എത്രയുംവേഗം പൂർത്തിയാക്കി ഈ റോഡുകൾ ഗതാഗതയോഗ്യമാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. പരുത്തിക്കുഴി, കീഴാറൂർ, ഏലിയാവൂർ എന്നീ പാലങ്ങളുടെ പ്രോജക്ട് റിപ്പോർട്ടുകൾ നബാർഡിന്റെ ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. നബാർഡ് സ്ഥലം പരിശോധന നടത്തി അവരുടെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിന്റെ സാംഗ്ഷൻ ലഭിക്കുന്നതിനായി ബോംബെയിലേക്ക് ഈ റിപ്പോർട്ടുകൾ അയച്ചിരിക്കുകയാണ്. ഒന്ന്, രണ്ട് മാസത്തിനുള്ളിൽ നബാർഡിന്റെ സാംഗ്ഷൻ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly